# തബ്‌ലീഗ് ജമാഅത്തും ഖുറാഫാത്തുകളും

മായിൻകുട്ടി സുല്ലമി

ഇസ്‌ലാമിന്‍റെ മഹിമകൾ ഉള്ളതുതന്നെ ധാരാളമുണ്ട്. കള്ളക്കഥകളുടെ ആവശ്യം ഇല്ല. വിശ്വാസത്തിന്‍റെ പേരിൽ ക്രൂരമായ അന്ധവിശ്വാസങ്ങളാണ് തബ്‌ലീഗുകാർ പ്രചരിപ്പിക്കുന്നത്. അവരുടെ 'ഫദാഇൽ കിതാബുകൾ' നബിചര്യയിലൂടെ കർമങ്ങൾ പഠിപ്പിക്കുന്നില്ല. ആരാധനകളുടെ മഹത്വങ്ങൾ ഉള്ളതും ഇല്ലാത്തതും പറയും. അവ എങ്ങനെ നിർവഹിക്കണമെന്ന് പഠിപ്പിക്കുന്നത് അവർ കാണിക്കുന്നില്ല എന്നത് നാം മനസിലാക്കി. ഇസ്‌ലാമിനെ തെറ്റുധരിക്കാനും തെറ്റുധരിപ്പിക്കാനും ഇത്രയേറെ അനുയോജ്യമായ മറ്റ് കിതാബുകൾ കാണില്ല. ബിദ്അത്തുകളെ താലോലിക്കുന്നു. അതിശയോക്തികളും പ്രമാണങ്ങൾക്ക് നിരക്കാത്ത കഥകളും പ്രചരിപ്പിക്കുന്നു അവർ. തഖ്‌വ വർധിപ്പിക്കുവാനാണത്രെ. പക്ഷെ, ഇസ്‌ലാമിൽ ലക്ഷ്യവും മാർഗവും ഒരുപോലെ പരിശുദ്ധമാണ്. പരമപ്രധാനം തൗഹീദുമാണ്. കപടതയും കള്ളത്തരവും തീർത്തും വർജ്ജിക്കണം.

അവരുടെ പ്രവർത്തനങ്ങൾ കൊണ്ട് പലരും നന്നായില്ലേ? ആരാധനകൾ തുടങ്ങി, കള്ള് കുടി നിർത്തി, എന്നൊക്കെ ചിലർ പറയാറുണ്ട്. ശരിയായിരിക്കാം. തബ്‌ലീഗിന്‍റെ വിഷയത്തിൽ അവർ ത്യാഗവും സഹിക്കുന്നുണ്ട്. അതൊക്കെ പ്രമാണങ്ങളുടെ പിൻബലത്തിൽ ആയിരുന്നുവെങ്കിൽ, എന്ന് ആഗ്രഹിക്കുകയാണ്. കള്ളക്കഥകളും സൂഫി മാർഗവും ഒഴിവാക്കണം. സത്യവും അസത്യവും കൂട്ടിക്കലർത്തരുത്. തൗഹീദിന് പ്രാമുഖ്യം നൽകി ബിദ്അത്തുകളുടെ നേരെ കർശന നിലപാട് സ്വീകരിക്കണം. സുന്നത്ത് പ്രാവർത്തികമാക്കുകയും വേണം. ഊരു തെണ്ടലും പട്ടിണി കിടക്കലുമല്ല ആവശ്യം. വിഷയങ്ങൾ വിശുദ്ധ ക്വുർആനും തിരുസുന്നത്തുമനുസരിച്ച് പഠിക്കണം. പഠിപ്പിക്കണം. അല്ലാതെ അമ്മിക്കുമ്മായം മറിഞ്ഞിട്ട് കാര്യമില്ല.

ഇവർ അംഗീകരിക്കുന്ന ചിശ്തി ത്വരീഖത്തിലെ ഒരു ശൈഖ് - അബ്ദുൽ വാഹിദ്ബ്നു സൈദ് -തന്‍റെ സ്വർഗത്തിലെ കൂട്ടാളിയെ ദുനിയാവിൽ കണ്ടുമുട്ടി സംസാരിച്ച കഥ സക്കരിയ്യ മൗലാന പറയുന്നു. സൂഫി പറയുന്നു: "ഞാൻ മൂന്ന് രാത്രി തുടരെ 'അല്ലാഹുവേ', സ്വർഗത്തിൽ വച്ച് എന്‍റെ കൂട്ടുകാരിയായിരിക്കുന്ന ആളിനെ ദുനിയാവിൽ വച്ചുതന്നെ എനിക്ക് കാണിച്ചുതരേണമേ! എന്ന് ദുആ ചെയ്തുകൊണ്ടിരുന്നു. മൂന്ന് ദി

വസത്തിനുശേഷം 'നിൻെറ കൂട്ടുകാരി മൈമൂനാ സൗദാഅ് ആണ്'' എന്നറിയിക്കപ്പെട്ടു. (അവർ ഒരു അബ്സീനിയക്കാരിയാണ്. അവരുടെ കറുപ്പിൻെറ കാഠിന്യം കൊണ്ടാണ് 'സൗദാഅ്' എന്ന അപരനാമം ഉണ്ടായത്) അപ്പോൾ അവരെ എവിടെ കാണാൻ സാധിക്കും? എന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ കൂഫയിലുള്ള ഇന്നഖബീലയിലാണ് എന്ന് എനിക്കറിയപ്പെട്ടതനുസരിച്ച് ഞാൻ അവരെ കണ്ടുമുട്ടാനായി പുറപ്പെട്ടു.

അങ്ങിനെ ഞാൻ കൂഫയിലെത്തി അവരെ കുറിച്ചന്വേഷിച്ചപ്പോൾ അവർ ഇന്ന മലയിൽ ആട് മേച്ചുകൊണ്ടിരിക്കുകയാണ് എന്ന് എനിക്കറിവ് കിട്ടി. ഞാൻ ആ മലയിൽ എത്തിയപ്പോൾ, അവർ ഒരു പുതപ്പും മൂടി നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ സമീപത്തു തന്നെ ആടുകളും ചെന്നായ്ക്കളും ഒന്നിച്ച് മേഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ എത്തിയ വിവരം അറിഞ്ഞ് അവർ നമസ്കാരം ചുരുക്കി സലാം വീട്ടിയശേഷം, അബ്ദുൽവാഹിദ്, ഇന്നല്ല, ഇന്ന് പോയ്ക്കൊൾക! കൂടി കാണാമെന്നുള്ള കരാർ നാളത്തേയ്ക്കാണ്, (ആഖിറത്തിലാണ്) എന്ന് പറഞ്ഞു. അപ്പോൾ ഞാൻ അവരോട് അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യട്ടെ, ഞാൻ അബ്ദുൽവാഹിദാണെന്ന് നിങ്ങളെങ്ങിനെ അറിഞ്ഞു? എന്ന് ചോദിച്ചു. അപ്പോൾ അവർ ഇക്കാര്യം നിങ്ങൾക്കറിയുകയില്ലേ? (ആലമുൽ അർവാഹിൽ വച്ച്) റൂഹുകളെല്ലാം ഓരോ സംഘങ്ങളായി ഒരുമിച്ചുകൂടിയിരുന്നു. അവിടെ വച്ച് തമ്മിൽ അറിഞ്ഞിരുന്നവർ ഇവിടെ വച്ചും തമ്മിലറിയുന്നതാണ് എന്നു പറഞ്ഞു...

ഞാൻ ചോദിച്ചു. നിങ്ങളുടെ ആടുകൾ ചെന്നായ്ക്കളുടെ കൂട്ടത്തിൽ മേഞ്ഞുകൊണ്ടിരിക്കുന്നല്ലോ. ചെന്നായ് അതിനോടൊന്നും പറയുകയില്ലേ? അവർ പറഞ്ഞു. പോയി നിങ്ങളുടെ ജോലി നോക്കിൻ! ഞാൻ എൻെറ ഉടമസ്ഥനുമായി സന്ധിയിലാണ്. ആ ഉടമസ്ഥൻ എൻെറ ആടുകളുടെയും ചെന്നായ്ക്കളുടെയും ഇടയിൽ സന്ധിയുണ്ടാക്കിയിരിക്കുന്നു.'' (സ്വദഖയുടെ മഹത്വങ്ങൾ പേജ് 930)

വല്ലാത്തൊരു കഥ. എന്തിനാണിക്കഥ? ചിശ്ത്തി സൂഫിയുടെ പോരിശ വിളമ്പുകയാണ്. അദ്ദേഹവും സൗദയും സ്വർഗവും ബന്ധവും ഉറപ്പിച്ചു. കൃത്യമായ വിവരം എന്ന നിലയും വരുത്തുന്നു. ഒരു സൂഫി എത്ര വലുതായാലും നബി(സ)യുടെ സ്ഥാനം പ്രാപിക്കില്ല. ഒരു സ്വഹാബിയുടെ സ്ഥാനവും അവർക്കില്ല. സ്വഹാബികളുടെ സ്ഥാനം അല്ലാഹുതന്നെ പരിശുദ്ധ ക്വുർആനിലൂടെ അറിയിച്ചിട്ടുണ്ട്. നബി(സ)യും അവരുടെ പദവി നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

അനന്തരം മുഹമ്മദ് സകരിയ്യാ സാഹിബ് മറ്റൊരു അത്ഭുതം പറയുന്നു. ''ഞാൻ എൻെറ കൊച്ചാപ്പാ അശ്ശൈഖ് മൗലാന മുഹമ്മദ് ഇൽയാസ്(റ) അവർകളുടെ അടുക്കൽ ഇപ്രകാരം ഒരത്ഭുത സംഭവം സദാ കണ്ടിട്ടുണ്ട്. അതായത് മഹാനവർകളുടെ വീട്ടിൽ അനേകം പൂച്ചകളും കോഴികളും വീട്ടിൽ ദിവസവും മുഴുവൻ സമയവും ഒരുമിച്ച് നടന്നുവീണ് കിടക്കുന്ന സാധനങ്ങളൊക്കെ കൊത്തിപ്പെറുക്കി തിന്നുകൊണ്ടിരിക്കും. എന്നാൽ കോഴികൾ പൂച്ചയെ പേടിച്ച് ഓടുകയോ പൂച്ചക്കൾ കോഴികളെ എന്തെങ്കിലും

ചെയ്യുകയോ ചെയ്തിരുന്നില്ല.'' അ.പു.പേ.930. ഒരു വീട്ടിൽ കോഴിയും പൂച്ചയും ലോഹ്യത്തിൽ കഴിയുന്നതും കറാമത്ത്!!?

ഭാവനാ സമ്പന്നരായ നോവലിസ്റ്റുകളും ഫ്യൂച്ചറോളജിസ്റ്റുകളും തബ്ലീഗ് കഥകളുടെ പിന്നിൽ നിൽക്കേണ്ടിവരും. സ്വപ്നത്തിൽ ക്രയവിക്രയങ്ങളും തീറ്റയും കുടിയും, ചികിത്സയും സംസാരവും യാത്രയും മറ്റ് പരിപാടികളുമെല്ലാം അവരുടെ കഥകളിലുണ്ട്. മരണവും, ജീവിതവുമൊന്നും അവർക്ക് പ്രശ്നമില്ല. മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ സജീവം. എല്ലാ പരിപാടിയും മരിച്ചവർ ഖബറിൽ വച്ച് നടത്തുന്നു. ഒരു ഖബറാളി ഒട്ടകത്തെ അറുത്ത കഥ വായിക്കാം. ''ഒരു സംഘം അറബികൾ ഒരു ധർമ്മിഷ്ഠന്റെ ഖബർ സിയാറത്തിനായി പോയി. വളരെ ദൂര യാത്രയായിരുന്നതുകൊണ്ട് അന്ന് രാത്രി അവർ അവിടെ താമസിച്ചു. അതിലൊരാൾ ആ ഖബറാളിയെ ഇപ്രകാരം സ്വപ്നം കണ്ടു. അദ്ദേഹം അയാളോട് നിങ്ങളുടെ ഒട്ടകത്തെ എന്റെ 'ബഖ്തീ' ഒട്ടകത്തിന് പകരം വിൽക്കുമോ? എന്ന് ചോദിച്ചു. (ബഖ്തീ ഒട്ടകം ഉയർന്ന തരത്തിൽപെട്ടതാണ്. അത് മയ്യിത്ത് തന്റെ അനന്തര സ്വത്തിൽ വിട്ടിട്ട് പോയതായിരുന്നു.) സ്വപ്നം കണ്ടയാൾ സ്വപ്നത്തിൽ തന്നെ കൊടുക്കലും വാങ്ങലും നടത്തി. ഉടനെ ആ ഖബറാളി എഴുന്നേറ്റ് അയാളുടെ ഒട്ടകത്തെ അറുത്തു. അതിന്റെ ഉടമസ്ഥൻ ഉറക്കത്തിൽ നിന്നും ഉണർന്നപ്പോൾ, അയാളുടെ ഒട്ടകം രക്തമൊലിപ്പിച്ചുകൊണ്ട് നിൽക്കുന്നു. ഉടനെ അയാൾ എഴുന്നേറ്റ് അതിനെ അറുത്തു. (കാരണം അത് ഇനി ജീവിക്കുമെന്ന് തോന്നിയില്ല.) അതിന്റെ ഇറച്ചി എല്ലാവർക്കുമായി വീതിച്ചുകൊടുത്തു. അവരെല്ലാം അത് പാചകം ചെയ്ത് കഴിച്ചശേഷം അവിടെനിന്നും മടങ്ങിപ്പോയി. അവർ അടുത്ത താവളത്തിൽ എത്തിയപ്പോൾ, ഒരാൾ ഉയർന്ന ബഖ്തി ഒട്ടകപ്പുറത്ത് യാത്രചെയ്ത് അവിടെ എത്തി. അയാൾ നിങ്ങളുടെ കൂട്ടത്തിൽ ഇന്ന പേരുള്ള ആള് ആരാണ്? എന്നന്വേഷിച്ചു. ആ സ്വപ്നം കണ്ട മനുഷ്യൻ, അത് എന്റെ പേരാണ് എന്ന് പറഞ്ഞപ്പോൾ, അദ്ദേഹം 'നിങ്ങൾ ഇന്ന ഖബറാളിക്ക്' എന്തെങ്കിലും വിറ്റോ? എന്ന് ചോദിച്ചു. സ്വപ്നം കണ്ടയാൾ തന്റെ സ്വപ്നവാർത്ത പറഞ്ഞപ്പോൾ, ബഖ്തി ഒട്ടകപ്പുറത്ത് വന്നയാൾ പറഞ്ഞു, അത് എന്റെ ബാപ്പയുടെ ഖബറാണ്. ഇത് അദ്ദേഹത്തിന്റെ ബഖ്തി ഒട്ടകമാണ്. അദ്ദേഹം എന്നോട് സ്വപ്നത്തിൽ, നീ എന്റെ മകനാണെങ്കിൽ എന്റെ ബഖ്തി ഒട്ടകത്തെ നിന്റെ പേരെടുത്ത് പറഞ്ഞിട്ട് നിനക്ക് തരണം എന്നുപറഞ്ഞു. അതുകൊണ്ട് ഇതാ ആ ബഖ്തി ഒട്ടകം, എന്ന് പറഞ്ഞ് ഒട്ടകത്തെ ഏൽപിച്ചുകൊടുത്തശേഷം അദ്ദേഹം പൊയ്ക്കളഞ്ഞു.'' അ.പു.പേ. 71

ശൈഖ് സക്കരിയ്യ തുടർന്ന് പറയുന്നു, ''ദാനശീലത്തിന്റെ സ്വഭാവമാണിത്. മരിച്ചതിന് ശേഷവും തന്റെ ഖബറിൽ വന്നവരെ സൽക്കരിക്കുന്നതിന് തന്റെ സ്വന്തം ഒട്ടകത്തെ വിറ്റിട്ട് സൽക്കരിച്ചു. എന്നാൽ മരണത്തിനുശേഷം ഇങ്ങനെയുള്ള സംഭവങ്ങൾ എങ്ങനെയുണ്ടാകുന്നു? എന്ന വിഷയത്തിൽ, ഇത് ഒരു നടക്കാത്ത കാര്യമൊന്നുമല്ല. ആലമുൽ അർവാഹിൽ ഇങ്ങിനെയുള്ള കാര്യങ്ങളൊക്കെ സംഭവിക്കാവുന്നതാണ്. അ.പു.പേ. 871. ശൈഖിന് തന്നെ സംശയം. എന്നാലും തട്ടിവിടുന്നു. എന്തിന്? ശൈഖുൽ ഹദീഥാണ് ഇത്തരം കാര്യങ്ങൾ എഴുതുന്നത്.

പരിശുദ്ധ ഖുർആനും നബിവചനങ്ങളും അവഗണിച്ചുകൊണ്ട് ഇവർ കഥകൾ രചിക്കുന്നു. ഒരു ഖബറാളി ദാനധർമം ചെയ്യുന്ന കഥ കാണാം. "ഈജിപ്തിൽ ഒരു നല്ല മനുഷ്യനുണ്ടായിരുന്നു. അദ്ദേഹം ആവശ്യക്കാർക്കും സാധുക്കൾക്കും പിരിവെടുത്തുകൊടുത്തിരുന്നു. ആരെങ്കിലും അദ്ദേഹത്തിൻെറയടുക്കൽചെന്ന് എന്തെങ്കിലും ചോദിച്ചുവാങ്ങി അവർക്ക് കൊടുത്തിരുന്നു. ഒരുപ്രാവശ്യം ഒരു സാധു അദ്ദേഹത്തിൻെറയടുക്കൽ വന്നു. എനിക്ക് ഒരു കുഞ്ഞ് ജനിച്ചു അതിന് വേണ്ടുന്ന ശുശ്രൂഷകൾ ചെയ്യുന്നതിന് എൻെറ കൈവശം ഒന്നുമില്ല എന്ന് പറഞ്ഞു. ഉടനെ തന്നെ അദ്ദേഹം എഴുന്നേറ്റുപോയി. അയാൾക്കുവേണ്ടി ജനങ്ങളോട് ചോദിച്ചെങ്കിലും ആരിൽനിന്നും ഒന്നും കിടിയില്ല. (സാധാരണ ചോദിച്ചുകൊണ്ടിരിക്കുന്നവർക്ക് കിട്ടുന്നതും വലിയ പ്രയാസമാണല്ലോ) അദ്ദേഹം എല്ലാവരോടും ചോദിച്ചു നിരാശപ്പെട്ടതിന് ശേഷം ഒരു ധർമിഷ്ഠൻെറ ഖബറിൽ പോയിരുന്നു. ഈ സംഭവങ്ങളെല്ലാം പറഞ്ഞശേഷം അവിടെ നിന്നും എഴുന്നേറ്റുപോയി. മടങ്ങിപ്പോയതിന് ശേഷം തൻെറ കൈവശമുണ്ടായിരുന്ന ഒരു ദീനാർ എടുത്ത് രണ്ടായി മുറിച്ച് ഒരു കഷ്ണം തൻെറ പക്കൽ വയ്ക്കുകയും മറ്റേത് ആ സാധുവിന് കൊടുക്കുകയും ചെയ്തു. എന്നിട്ട് അയാളോട് ഇത് ഞാൻ നിങ്ങൾക്ക് കടമായി തരുകയാണ്. ഇപ്പോൾ ഇതുകൊണ്ട് നിങ്ങളുടെ ആവശ്യം നടത്തുക. എവിടെനിന്നെങ്കിലും നിങ്ങൾക്ക് വല്ലതും കിട്ടുമ്പോൾ ഇത് എനിക്ക് തിരിച്ചുതരണം, എന്നുപറയുകയും ചെയ്തു. അദ്ദേഹം അതും കൊണ്ടുപോയി തൻെറ ആവശ്യങ്ങൾ നിർവഹിച്ചു.

ആ ദീനാറിൻെറ ഉടമസ്ഥൻ അന്ന് രാത്രി ആ ഖബറാളിയെ സ്വപ്നം കണ്ടു. അദ്ദേഹം സ്വപ്നത്തിൽ ഇപ്രകാരം പറഞ്ഞു: ഞാൻ നിങ്ങൾ പറഞ്ഞതെല്ലാം കേട്ടു. പക്ഷെ, എനിക്ക് മറുപടി നൽകാൻ അനുമതിയുണ്ടായില്ല. നിങ്ങൾ വീട്ടുകാരുടെയടുക്കൽ ചെന്ന് അവിടെ അടുപ്പുണ്ടാക്കുന്നതിൻെറ താഴ്ഭാഗത്ത് ഒരു ചൈനാഭരണി കുഴിച്ചിട്ടിട്ടുണ്ട്. അതിൽ അഞ്ഞൂറ് ദീനാറുണ്ട്. അത് ആ സാധുവിന് കൊടുക്കാൻ പറയണം എന്ന് പറഞ്ഞു. അദ്ദേഹം രാവിലെ ആ വീട്ടിൽ പോവുകയും താൻ കണ്ട സ്വപ്നത്തിൻെറ വിവരം അവരോട് പറയുകയും ചെയ്തു. അങ്ങിനെ അവർ ആ സ്ഥലം കുഴിച്ച് അഞ്ഞൂറ് ദീനാർ നിറച്ച ആ ഭരണിയെടുത്ത് അദ്ദേഹത്തെ ഏൽപിച്ചു. അപ്പോൾ അദ്ദേഹം - സ്വപ്നം ഒരു ശറഇയായ കൽപനയൊന്നുമല്ല. നിങ്ങൾ ഈ ധനത്തിൻെറ അവകാശികളും ഉടമസ്ഥരുമാണ്. അതുകൊണ്ട് വെറും സ്വപ്നത്തിൻെറ പേരിൽ ഞാനിത് വാങ്ങുന്നില്ല എന്ന് പറഞ്ഞു. പക്ഷെ, ആ അവകാശികൾ, അദ്ദേഹം മരിച്ചിട്ടും ധർമം ചെയ്തുകൊണ്ടിരിക്കുന്നു; നാം ജീവിക്കുന്നവർ ധർമം ചെയ്യാതിരിക്കുന്നത് എത്ര ലജ്ജാകരമായ സംഗതിയാണ് എന്ന് പറഞ്ഞു. അദ്ദേഹത്തെ നിർബന്ധിച്ചതുകൊണ്ട് അദ്ദേഹം തകക്കാശുകൾ വാങ്ങി ആ സാധുവിന് കൊടുക്കുകയും ഈ സംഭവങ്ങളെല്ലാം പറഞ്ഞ് കേൾപ്പിക്കുകയും ചെയ്തു. അദ്ദേഹം അതിൽ നിന്നും ഒരു ദീനാറെടുത്ത് രണ്ട് കഷ്ണമാക്കി ഒന്ന് അദ്ദേഹത്തിന് തന്നെ കടം വാങ്ങിയത് തിരിച്ചുകൊടുക്കുകയും മറ്റേത് തൻെറ കയ്യിൽ വച്ചിട്ട്, എൻെറ ആവശ്യത്തിന് ഇതുമതി, ബാക്കിയുള്ള ഈ തുക എനിക്കാവശ്യമില്ലാത്തതാണ്. ഞാൻ ഇത് കൊണ്ടുപോയിട്ട് എന്ത് ചെയ്യാനാണ്? എന്ന്

പറയുകയും ആ ദീനാറെല്ലാം സാധുക്കൾക്ക് വീതിച്ചുകൊടുക്കുകയും ചെയ്തു.'' അ.പു.പേ. 877.

തുടർന്ന് ശൈഖ് സക്കരിയ്യ എഴുതുന്നു. ഇത്തിഹാഫിൻെറ ഗ്രന്ഥ കർത്താവ് പറയുന്നു. ഈ സംഭവത്തിൽ ചിന്തിക്കേണ്ട ഒരു വിഷയം, ഇതിൽ ഏറ്റവും വലിയ ധർമിഷ്ഠൻ ഈ മയ്യിത്താണോ? അതല്ല, അദ്ദേഹത്തിൻെറ വീട്ടുകാരാണോ? അതല്ല, ഈ സാധുവാണോ? എന്നതാണ്. നമ്മുടെ അഭിപ്രായത്തിൽ ഈ സാധുവാണ് എല്ലാവരേക്കാളും വലിയ ദാനശീലൻ. കാരണം അയാൾ വലിയ ആവശ്യക്കാരനായിരിന്നിട്ടും അര ദീനാറിനേക്കാൾ കൂടുതൽ എടുക്കാൻ ഇഷ്ടപ്പെട്ടില്ല. അ.പു.പേ. 877. അറുക്കാൻ പോവുന്ന മൂരിയുടെ പല്ലാണ് ശൈഖ് പരിശോധിക്കുന്നത്.

ഖബ്റാളിയോട് പറയലും, അവിടുന്ന് ലഭിക്കുന്ന സഹായവും മാമക്കഥകളിലൂടെ പ്രചരിപ്പിച്ചിട്ട് ജനങ്ങളെ ഖുബൂരികളാക്കുന്ന കുതന്ത്രമാണ് ഇതിൻെറ പിന്നിൽ. ''അവന് (അല്ലാഹു) പുറമെ ആരോട് നിങ്ങൾ'' പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയർത്തെഴുന്നേൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പകാളിയാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല'' 35:14. ''അല്ലാഹുവിന് പുറമെ, ഉയർത്തെഴുന്നേൽപ്പിൻെറ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു'' 46:5.